# ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന ഇല്ല.

വൈദ്യുതി ഉപഭോക്താക്കൾക്കു ആശ്വാസകരമായ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കമ്മീഷൻ പരിഗണിച്ചു.

1) 1000 വാട്ട് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗ മുള്ളവരുമായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധന ഇല്ല.

2) അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവയുടെ താരിഫ് വർദ്ധിപ്പി ച്ചിട്ടില്ല.

3) ഐ.ടി, ഐ.ടി അനുബന്ധ വ്യവസായങ്ങൾക്ക് താരിഫ് വർദ്ധനവ് ഇല്ല.

4) പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോ ക്താക്കൾക്ക് താരിഫ് വർദ്ധനവില്ല.

5) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള കുടുംബങ്ങളിൽ ക്യാൻസർ രോഗികളോ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവരോ ഉള്ളവർക്ക് താരിഫ് വർദ്ധനവില്ല.

6) എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സൗജന്യ നിരക്ക് അതേപടി നിലനിർത്തിയിരിക്കുകയാണ്.

7) ചെറിയ പെട്ടികടകൾ, ബങ്കുകൾ, തട്ടുകടകൾ തുടങ്ങിയ വിഭാഗത്തിനുള്ള കുറഞ്ഞ നിരക്കിലുള്ള താരിഫിന്റെ ആനുകൂല്യം 2000 വാട്ടുവരെ ലഭ്യമാണ്. ഏദേശം 5.9 ലക്ഷം ഉപഭോക്താക്കൾക്ക് ടി ആനുകൂല്യ് ലഭിക്കും.

8) 10 കിലോവാട്ടുവരെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായങ്ങളായ അരിപൊടിക്കുന്ന മില്ലുകൾ, തയ്യൽജോലി ചെയ്യുന്നവർ, തുണിതയ്ച്ചുകൊടു ക്കുന്നവർ തുടങ്ങിയ ചെറുകിട സംരംഭകർക്കുള്ള വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം തുടരുന്നതാണ്. ടി വിഭാഗങ്ങൾക്ക് എനർജി ചാർജ്ജിൽ വർദ്ധനവില്ല.

9) പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താ ക്കൾക്ക് പരമാവധി വർദ്ധനവ് യൂണിറ്റിന് 20 പൈസയിൽ താഴെമാത്രമാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 90 ലക്ഷം ഉപഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും.

10) ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള എൽ.ബി.എസ്സ്, ഐ.എച്ച്.ആർ.ഡി, കേപ്പ്, തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ താരിഫ്, ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വൈദ്യുതി നിരക്കിലേക്ക് മാറ്റിയിരിക്കുന്നു.

11) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ താരിഫ് വർദ്ധനവ് പരമാവധി 1.5 മുതൽ 3 ശതമാനമായി നിജപ്പെടുത്തിയിട്ടു ്.

12) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, ആശുപത്രികൾ, ഗവൺമെന്റ് ഓഫീസുകൾ തുടങ്ങിയവയ്ക്ക് എനർജി ചാർജിൽ വർദ്ധനവ് ഇല്ല. ഫിക്സഡ് ചാർജ്ജിൽ മാത്രം ചെറിയ വർദ്ധനവ് പരിഗണിച്ചത്.

6. കമ്മീഷൻ പരിഗണിച്ച താരിഫ് പരിഷ്ക്കരണത്തിന്റെ വിശദാംശങ്ങൾ.

**(1) ഗാർഹികം**

**(എ) ഫിക്സഡ് ചാർജ് (രൂപ/മാസം)**

| | സിംഗിൾ ഫേസ് | | ത്രീഫേസ് | |
|---|---|---|---|---|
| പ്രതിമാസ ഉപയോഗം | നിലവിലുള്ള നിരക്ക് | കമ്മീഷൻ അനുമതി നൽകിയത് ഓപ്ഷൻ-1 | നിലവിലുള്ള നിരക്ക് | കമ്മീഷൻ അനുമതി നൽകിയത് ഓപ്ഷൻ-1 |
| 0-40 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 0-50 | 35 | 40 | 90 | 100 |
| 51-100 | 55 | 65 | 120 | 140 |
| 101-150 | 70 | 85 | 150 | 170 |
| 151-200 | 100 | 120 | 160 | 180 |
| 201-250 | 110 | 130 | 175 | 200 |
| 0-300 | 130 | 150 | 175 | 205 |
| 0-350 | 150 | 175 | 175 | 210 |
| 0-400 | 175 | 200 | 175 | 210 |
| 0-500 | 200 | 230 | 200 | 235 |
| 500 യൂണിറ്റിന് മുകളിൽ | 225 | 260 | 225 | 260 |

# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

## 2023-24 ലെ വൈദ്യുതി നിരക്ക് പരിഷ്കരണത്തെപ്പറ്റിയുള്ള കുറിപ്പ്

1. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL), 2023 ഫെബ്രുവരി 8-ാം തീയതിയിലെ പെറ്റീഷൻ പ്രകാരം, 2023-24 മുതൽ 2026-27 വരെയുള്ള കാല യളവിലേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടു ്. 2023-24 ലേക്ക് യൂണിറ്റിന് ശരാശരി 40.6 പൈസയുടെ നിരക്കു വർദ്ധനയും, 2024 -25ലേക്ക് യൂണിറ്റിന് ശരാശരി 31 പൈസയുടെയും 2025-26 ലേക്ക് യൂണിറ്റിന് 16.08 പൈസയുടെയും, 2026-27 ലേക്ക് യൂണിറ്റിന് 01 പൈസയുടെയും നിരക്ക് വർദ്ധനയാണ് KSEBL നിർദ്ദേശിച്ചത്. ടി നിർദ്ദേശ പ്രകാരം ഓരോ വർഷവും പ്രതീക്ഷിക്കുന്ന അധിക വരുമാനം പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

**പട്ടിക-1**

| വർഷം | നിരക്ക് വർദ്ധന ശുപാർശ ചെയ്തത് | പ്രതീക്ഷിക്കുന്ന അധിക വരുമാനം |
|---|---|---|
| 2023-24 | യൂണിറ്റിന് 40.6 പൈസ | 1044.43 കോടി രൂപ |
| 2024-25 | യൂണിറ്റിന് 31 പൈസ | 834.17 കോടി രൂപ |
| 2025-26 | യൂണിറ്റിന് 16.8 പൈസ | 472.64 കോടി രൂപ |
| 2026-27 | യൂണിറ്റിന് 01 പൈസ | 29.8 കോടി രൂപ |

25.06.2022 ലെ ഉത്തരവിലൂടെ 2022-23 മുതൽ 2026-27 വരെ കാലയളവിലേക്ക് കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മി നികത്തുന്നതിനാണ്, ടി പെറ്റീഷൻ സമർപ്പി ച്ചിരിക്കുന്നത്.

2. കമ്മീഷൻ, കെ.എസ്.ഇ.ബിയുടെ ടി പെറ്റീഷന്മേൽ 4 സ്ഥലങ്ങളിലായി പൊതു തെളിവെടുപ്പ് നടത്തി, ഉചിതമായ തീരുമാനമെടുത്തു വരുന്നതിനിടയിൽ, കേരള ത്തിലെ എച്ച്.ടി ആന്റ് ഇ.എച്ച്.ടി വിഭാഗം വ്യാവസായിക ഉപഭോക്താക്കളുടെ അസോസിയേഷൻ ടി പെറ്റീഷനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീ പിച്ച് സ്റ്റേ ഉത്തരവ് വാങ്ങുകയു ായി. ടി സ്റ്റേ ഉത്തരവ് സെപ്തംബർ മാസത്തി ലാണ് വെക്കേറ്റ് ചെയ്തുകിട്ടിയത്. ടി കാരണത്താൽ, താരിഫ് നിർണ്ണയിക്കുന്ന തിന് കാലതാമസം നേരിടുകയു ായി.

3. കെ.എസ്.ഇ.ബി ലിമിറ്റഡ് 2023-24 മുതൽ 26-27 വരെയുള്ള നാലുവർഷകാലയള വിൽ, എല്ലാ വർഷവും താരിഫ് വർദ്ധനവ് നിർദ്ദേശിച്ചുവെങ്കിലും, ഇപ്പോൾ ഇടക്കാല ഉത്തരവായി, 2023 നവംബർ 01 മുതൽ 2024 ജൂൺ 30വരെ താരിഫ് നിര

ക്കുകൾ പ്രാബല്യത്തിൽ വരുത്തിയാൽ മതിയെന്നാണ് കമ്മീഷൻ തീരുമാനിച്ചത്. കെ.എസ്.ഇ.ബിയുടെ 2022-23 വർഷത്തേക്കുള്ള വരവു ചിലവു കണക്കുകളുടെ ട്രൂയിംഗ് അപ്പ് പെറ്റീഷൻ, 2023 നവംബർ 30നകം സമർപ്പിക്കേ തു ്. ടി പെറ്റീഷന്മേൽ കെ.എസ്.ഇ.ബിയുടെ 2022-23 വർഷത്തെ പ്രവർത്തനം കൂടി വിലയിരുത്തി, ടി വർഷത്തെ യഥാവിധി വരുമാന ലാഭമോ, വരുമാന നഷ്ടമോ കൂടി പരിശോധിച്ചതിനുശേഷം മാത്രമേ 2024 ജൂലൈ മുതലുള്ള താരിഫ്, നിശ്ച യിക്കുന്നകാര്യം തീരുമാനിക്കുക.

**4.** സംസ്ഥാനത്ത് നിലവിൽ 139.10 ലക്ഷം വൈദ്യുതി ഉപഭോക്താക്കളാണ് ഉള്ളത്. ഇതിൽ 105.50 ലക്ഷം ഗാർഹിക ഉപഭോക്താക്കളാണ്. ടി ഗാർഹിക ഉപഭോക്താക്കളിൽ 99.1 ലക്ഷവും സിംഗിൾഫേസ് ഉപഭോക്താക്കളാണ്.
ഗാർഹിക ഉപഭോക്താക്കൾക്ക്, പ്രതിമാസ ബില്ലിൽ ഉ ാകുന്ന വർദ്ധനവ് അനുബന്ധം-1ൽ കൊടുത്തിരിക്കുന്നു.

**7.** മറ്റു വിഭാഗങ്ങൾക്കുള്ള ഓപ്ഷനുകൾ അനുബന്ധം 2ൽ കൊടുത്തിരിക്കുന്നു. പ്രധാന വിഭാഗങ്ങളുടെ ഓപ്ഷൻ-1 പ്രകാരമുള്ള താരിഫ് വർദ്ധനവിന്റെ സംക്ഷിപ്തം പട്ടിക-2ൽ കൊടുത്തിരിക്കുന്നു.

**പട്ടിക-2**

| ക്രമ നമ്പർ | താരിഫ് വിഭാഗം | ശരാശരി താരിഫ് വർദ്ധനവ് (യൂണിറ്റിന്) | താരിഫ് വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|
| 1 | ചെറുകിട വ്യവസായം | 18 പൈസ | 2.3 ശതമാനം |
| 2 | ഐ ടി വ്യവസായം | ഇല്ല | ഇല്ല |
| 3 | കൃഷി | 20 പൈസ | 6 ശതമാനം |
| 4 | ഗവൺമെന്റ് ആശുപത്രികൾ | 21 പൈസ | 2.8 ശതമാനം |
| 5 | ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 21 പൈസ | 2.8 ശതമാനം |
| 6 | അനാഥാലയങ്ങൾ | ഇല്ല | ഇല്ല |
| 7 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 11 പൈസ | 1.10 ശതമാനം |
| 8 | തെരുവ് വിളക്കുകൾ | 20 പൈസ | 3.8 ശതമാനം |
| 9 | എച്ച്.ടി വ്യവസായങ്ങൾ | 12 പൈസ | 1.5 ശതമാനം |
| 10 | ഇ.എച്ച്.ടി വ്യവസായങ്ങൾ | 12 പൈസ | 1.8 ശതമാനം |
| 11 | യെിൽവേ ട്രാക്ഷൻ | 18 പൈസ | 2.6 ശതമാനം |
| 12 | കെ.എം.ആർ.എൽ | 11 പൈസ | 1.6 ശതമാനം |
| 13 | മൊത്ത ശരാശരി | 20 പൈസ | 3.00 ശതമാനം |

8. മേൽ വിവരിച്ച താരിഫ് പരിഷ്ക്കരണത്തിലൂടെ KSEBLന് ഒരു വർഷം ലഭിക്കാവുന്ന അധിക വരുമാനം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ഒരു വർഷത്തേക്ക് പ്രതീക്ഷിക്കുന്ന അധിക വരുമാനം (രൂപകോടിയിൽ) | ശരാശരി വർദ്ധനവ് യൂണിറ്റിന് |
|---|---|
| 531 കോടി | 0.20 രൂപ/യൂണിറ്റ് |

2023-24 വർഷത്തെ കെ.എസ്.ഇ.ബിയുടെ കമ്മീഷൻ അംഗീകരിച്ച റവന്യൂകമ്മി 1487 കോടി രൂപയാണ്. ഇതിൽ നിന്നും കെ.എസ്.ഇ.ബിയുടെ 2021-22ലെ ട്രൂയിംഗ് അപ്പ് ഉത്തരവു പ്രകാരം, കമ്മീഷൻ അംഗീകരിച്ച അധിക വരുമാനമായ 753 കോടി രൂപ വകയിരുത്തിയാൽ തന്നെ, 2023-24ലെ ബാക്കി കമ്മി 734 കോടി രൂപ ഉ ്. ഇത് നികത്തുന്നതിന് ശരാശരി യൂണിറ്റിന് 28 പൈസയുടെ താരിഫ് വർദ്ധന വേ തുെ ങ്കിലും 20 പൈസയുടെ വർദ്ധനവ് മാത്രമേ അംഗീകരിച്ചിട്ടുള്ളൂ.

മേൽ വിവരിച്ച വിവിധ കാര്യങ്ങൾ പരിശോധിച്ചും, ഉപഭോക്താക്കൾക്ക് താരിഫ് ഷോക്ക് വരാതെയും, അതോടൊപ്പം കെ.എസ്.ഇ.ബിയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും, ഏകദേശം യൂണിറ്റിന് ശരാശരി 20 പൈസയുടെ മാത്രം താരിഫ് വർദ്ധനവാണ് കമ്മീഷൻ 2023 നവംബർ 01 മുതൽ 2024 ജൂൺ 30 വരെ അംഗീകരിച്ചത്.

– -------------------------------------